## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 5629 — 27.10.2011-ലെ മറുപടിയ്ക്ക്

## സഹകരണ വിജിലൻസ് വിഭാഗം കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജി. സുധാകരൻ | | ശ്രീ. സി.എൻ.ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം മന്ദീഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന്റെ പ്രവർത്തനം സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; | (എ) | സഹകരണ വിജിലൻസിന്റെ പ്രവർത്തനം മന്ദീഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പുതിയ നിർദ്ദേശങ്ങൾ ഒന്നും നൽകിയിട്ടില്ല. |
| (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രസ്തുത വിഭാഗത്തിന് എത്ര കേസുകളാണ് കൈമാറിയത്; അവയിൽ എത്ര എണ്ണത്തിൽ അന്വേഷണം ആരംഭിച്ചു; എത്ര എണ്ണത്തിൽ അന്വേഷണം പൂർത്തിയാക്കി; | (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം 10 കേസുകൾ സഹകരണ വിജിലൻസ് വിഭാഗത്തിന്റെ അന്വേഷണത്തിനായി കൈമാറിയിട്ടുണ്ട്. 10 കേസുകളിലും അന്വേഷണ നടപടികൾ ആരംഭിച്ചിട്ടുണ്ട്. 2 കേസുകളിൽ അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ട്. |
| (സി) | സാമ്പത്തിക അഴിമതി സംബന്ധിച്ച എത്ര കേസുകളാണ് പ്രസ്തുത വിഭാഗത്തിന്റെ അന്വേഷണത്തിലുള്ളത്; സമയബന്ധിത അന്വേഷണം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | സാമ്പത്തിക അഴിമതി സംബന്ധിച്ച 146 കേസുകളാണ് സഹകരണ വിജിലൻസിന്റെ അന്വേഷണത്തിലുള്ളത്. അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത വിഭാഗത്തിൽ അനുവദനീയമായ തസ്തികകൾ എത്രയെന്നും നിലവിൽ എത്രപേർ ജോലി ചെയ്യുന്നുണ്ടെന്നും ഒഴിവുകൾ എത്രയെന്നും വ്യക്തമാക്കാമോ; | (ഡി) | സഹകരണ വിജിലൻസ് ഓഫീസറുടെ കാര്യാലയത്തിലും 3 സോണൽ ഓഫീസുകളിലുമായി അനുവദിച്ചിട്ടുള്ള തസ്തികകളും അവിടെ ജോലി ചെയ്യുന്നവരുടെ എണ്ണവും അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഇ) | ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ; | (ഇ) | പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (എഫ്) | പ്രസ്തുത വിഭാഗത്തിന്റെ പ്രവർത്തനം നിർത്തലാക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേലുള്ള നിലപാട് വ്യക്തമാക്കുമോ ? | (എഫ്) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**I വിജിലൻസ് ഓഫീസറുടെ കാര്യാലയം, തിരുവനന്തപുരം.**

1. ഡി.ഐ.ജി ഓഫ് പോലീസ്-1 (ഒഴിഞ്ഞു കിടക്കുന്നു.)
2. ജോയിന്റ് രജിസ്ട്രാർ (വിജിലൻസ്)-1
3. സീനിയർസഹകരണ സംഘം ഇൻസ്പെക്ടർ-2
4. ക്ലാസ് ഫോർ ജീവനക്കാർ-2
5. സിവിൽ പോലീസ് ഓഫീസർ -3 (ഒഴിഞ്ഞു കിടക്കുന്നു.)

**II സൗത്ത് സോൺ-ആലപ്പുഴ**

1. ഡി.വൈ.എസ്.പി-1
2. ഇൻസ്പെക്ടർ ഓഫ് പോലീസ് -1
3. ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്)-1
4. ജൂനിയർ സഹകരണ ഇൻസ്പെക്ടർ- 1
5. സീനിയർ സഹകരണ ഇൻസ്പെക്ടർ-1
6. സിവിൽ പോലീസ് ഓഫീസർ -3
7. ക്ലാസ് ഫോർ ഓഫീസർ-2

**III സെൻട്രൽ സോൺ-തൃശ്ശൂർ**

1. ഡി.വൈ.എസ്.പി-1
2. ഇൻസ്പെക്ടർ ഓഫ് പോലീസ് -1
3. ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്)-1
4. സീനിയർ സഹകരണ ഇൻസ്പെക്ടർ-2
5. സിവിൽ പോലീസ് ഓഫീസർ -3
6. ക്ലാസ് ഫോർ ഓഫീസർ-2

**IV നോർത്ത് സോൺ-കണ്ണൂർ**

1. ഡി.വൈ.എസ്.പി-1
2. ഇൻസ്പെക്ടർ ഓഫ് പോലീസ് -1
3. ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്)-1
4. സഹകരണ ഇൻസ്പെക്ടർ-2
5. സിവിൽ പോലീസ് ഓഫീസർ -2 (1 ഒഴിഞ്ഞു കിടക്കുന്നു.)
6. ക്ലാസ് ഫോർ ഓഫീസർ-2

ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ ഇവയാണ്.
ഡി.ഐ.ജി ഓഫ് പോലീസ്/വിജിലൻസ് ആഫീസർ-1
സിവിൽ പോലീസ് ഓഫീസർമാർ-4